"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശകം ഗൈഡ് 2022- അച്ചടിയും വിതരണവും- അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്

G.O.(Rt) No.128/2022/LSGD    തീയതി,തിരുവനന്തപുരം, 18/01/2022

---

പരാമർശം:-

1. സ. ഉ (സാധാ) നം. 3269/2017/തസ്വഭവ തീയതി 11/10/2017.
2. സ.ഉ (സാധാ ) നം. 2045/2020/തസ്വഭവ തീയതി 30/10/2020.
3. സ. ഉ (സാധാ ) നം. 2204 /2021 /പൊഭവ തീയതി15/06/2021.
4. 10/07/2021, 8/12/2021 തീയതികളിലെ പഞ്ചായത്ത് ഡയറക്ടറുടെ പി 10205/21,പി 9705/21 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി തദ്ദേശകം എന്ന പേരിൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ ഗൈഡ് അച്ചടിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. തുടർന്ന് പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ പരാമർശം(2) ലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശകം ഗൈഡ്-2021 പ്രസിദ്ധീകരിക്കുന്നതിനും അനുമതി നൽകിയിരുന്നു.

2) എന്നാൽ ഡയറി കലണ്ടർ തുടങ്ങിയവ സർക്കാർ വകുപ്പുകൾ അച്ചടിക്കാൻ പാടില്ലെന്നും ആവശ്യമെങ്കിൽ ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം(3) പ്രകാരം ഉത്തരവായിട്ടുണ്ട്.

3) മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലെയും, മറ്റ് ഉദ്യോഗസ്ഥർക്കും ഉപകാരപ്രദമാകുന്ന തദ്ദേശകം- 2022 പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർഥിച്ചിരുന്നു. തദ്ദേശകം ഡയറി അച്ചടിച്ച് വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾ/ വ്യക്തികളിൽ നിന്നും ഡയറി വില ഈടാക്കുന്നുണ്ടെന്നും കൂടാതെ പരസ്യം സ്വീകരിക്കുന്നതിനും നിരക്ക് നിശ്ചയിക്കപ്പെട്ടിട്ടുണ്ടെന്നും ആയതിനാൽ നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി തദ്ദേശകം 2022 പ്രസിദ്ധീകരിക്കുന്നതിന് അനുവാദം നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ അഭ്യർഥിച്ചിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രസിദ്ധീകരിക്കുന്ന "തദ്ദേശകം" ഒരു ഗൈഡിന്റെ പ്രയോജനം ചെയ്യുന്നതാണ്. സർക്കാരിന് ബാധ്യത വരാത്തവിധം, പരസ്യങ്ങളും വരിസംഖ്യയും ശേഖരിച്ചാണ് പ്രസ്തുത ഗൈഡ് അച്ചടിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പ് സംയോജനത്തിന്റെ പശ്ചാത്തലത്തിൽ ഈ ഗൈഡ് അനിവാര്യമാണ്. ഈ സാഹചര്യത്തിൽ ചുവടെച്ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി തദ്ദേശകം -2022 എന്ന പേരിൽ പഞ്ചായത്ത് ഗൈഡ് പ്രസിദ്ധീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

1. തദ്ദേശകം-2022, നഗരസഭകളിലെ എല്ലാ കൗൺസിലർമാർക്കും സെക്രട്ടറി, അഡീഷണൽ/ഡെപ്യൂട്ടി സെക്രട്ടറി, ഹെൽത്ത് ഓഫീസർ, നഗരസഭ എഞ്ചിനീയർ എന്നിവർക്കും നഗരസഭകളിലെ മറ്റ് വകുപ്പ് തലവൻമാർക്കും എണ്ണത്തിനനുസരിച്ച് നഗരകാര്യ വകുപ്പ് ഡയറക്ടറുടെ ശുപാർശ പ്രകാരം അച്ചടിക്കാവുന്നതും കോപ്പി ഒന്നിന് 300 രൂപാ വീതം ബന്ധപ്പെട്ട നഗരസഭയിൽ നിന്നും ഈടാക്കേണ്ടതുമാണ്.

2. കുടുംബശ്രീയുടെ എല്ലാ സി.ഡി.എസ് ചെയർപേഴ്സൺമാർക്കും ഉദ്യോഗസ്ഥർക്കും നൽകുന്നതിനായി കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെടുന്ന എണ്ണം അച്ചടിക്കാവുന്നതും യഥാർത്ഥ അച്ചടി വിലയിൽ വിതരണം ചെയ്യേണ്ടതുമാണ് .

3. ഗ്രാമപഞ്ചായത്തുകൾക്കും പഞ്ചായത്ത് വകുപ്പിനും ഇതര വകുപ്പുകൾക്കും വിതരണം ചെയ്യുന്നതിനായി പരസ്യമുള്ള 25000 ഗൈഡും പരസ്യമില്ലാത്ത 5000 ഗൈഡും അച്ചടിക്കാവുന്നതാണ്.

4. ഗ്രാമപഞ്ചായത്തുകളിലെ അംഗങ്ങൾക്കും സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക്, അക്കൗണ്ടന്റ്മാർ എന്നിവർക്കും വിതരണം ചെയ്യുന്നതിനായി ഗൈഡ് ഒന്നിന് 300 രൂപ നിരക്കിൽ തനത് ഫണ്ടിൽ നിന്നും തുക ചെലവ് ചെയ്യാവുന്നതാണ്.

5. ജില്ലാ പഞ്ചായത്തുകളിലെ അംഗങ്ങൾക്കും, സെക്രട്ടറി, മറ്റ് പ്രധാന ഉദ്യോഗസ്ഥർ എന്നിവർക്കും ആവശ്യമായ എണ്ണം ഗൈഡുകൾ അച്ചടിക്കാവുന്നതും ഗൈഡ് ഒന്നിന് 300 രൂപ നിരക്കിൽ ഈടാക്കേണ്ടതാണ്.

6. പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നതിന് ഗൈഡ് ഒന്നിന് 300/- രൂപ നിരക്കിൽ ഈടാക്കേണ്ടതാണ്.

7. ഫുൾപേജ്, ½ പേജ്, 1/4 പേജ് എന്നിവയുടെ പരസ്യനിരക്ക് യഥാക്രമം 25000, 15000, 10000 എന്നിങ്ങനെ തുക നിശ്ചയിക്കേണ്ടതാണ്.

8. ഗ്രാമവികസന വകുപ്പിനും ബ്ലോക്ക് പഞ്ചായത്തുകൾക്കും ഗ്രാമവികസന വകുപ്പ് ആവശ്യപ്പെടുന്ന എണ്ണം ഗൈഡുകൾ അച്ചടിക്കാവുന്നതും അതിന്റെ യഥാർത്ഥ അച്ചടിച്ചെലവ് കണക്കാക്കി ആനുപാതികമായി ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ദാരിദ്ര്യ നിർമ്മാർജന യൂണിറ്റുകളിൽ നിന്നും ഈടാക്കേണ്ടതാണ്.

9. മറ്റു വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ഗൈഡ് ആവശ്യമുള്ള പക്ഷം അവരുടെ ആവശ്യപ്രകാരം ഗൈഡുകൾ അച്ചടിക്കാവുന്നതും അതിനാവശ്യമായ തുക യോഗ്യമായ ഫണ്ടിൽ നിന്നും കണ്ടെത്താവുന്നതുമാണ്.

10. തദ്ദേശകം-2022 ഗൈഡിന്റെ അച്ചടി ജോലികൾ ഗ്രാമലക്ഷ്മി മുദ്രാലയത്തെ ഏൽപ്പിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Shibi Abraham
Deputy Secretary

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

നഗരകാര്യഡയറക്ടർ,തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

സെക്രട്ടറി, ക്ലസ് ,തിരുവനന്തപുരം

അക്കൌണ്ടന്റ് ജനറൽ (ജി&എസ്എസ് എ/ഇ &ആർ എസ് എ),തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ),തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (ഇ. പി. എ ) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ